**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് മിന്നൽ പരിശോധന - മഞ്ചേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എസ്.മുരളീധരൻ നായർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1608/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.05.2017.

==========================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.09.2012 തീയതിയിലെ E10(SC 08/2012/MPM) 14118/2012 നമ്പർ കത്ത്.

2) മഞ്ചേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.എസ്. മുരളീധരൻ നായർക്ക് നൽകിയ 23.10.2013 തീയതിയിലെ 49974/ഇയു1/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ.എസ്. മുരളീധരൻ നായർ സമർപ്പിച്ച 24.12.2013 തീയതിയിലെ പ്രതിവാദ പത്രിക.

4) നഗരകാര്യ ഡയറക്ടറുടെ 19.02.2016, 18.08.2016 തീയതികളിലെ വി2-19689/13 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മഞ്ചേരി നഗരസഭയിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റ് മഞ്ചേരി നഗരസഭയിൽ 27.02.2012 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1) എഞ്ചിനീയറിംഗ് സെക്ഷൻ സൂപ്രണ്ടായ ശ്രീമതി. എൽ. സുശീല അവധി അപേക്ഷയോ, മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കാതെ 23.02.2012 ഉച്ചയ്ക്ക് ശേഷം ജോലിയിൽ ഹാജരായിട്ടില്ല.

2) ജനറൽ സെക്ഷനിലെ യു.ഡി. ക്ലാർക്ക് ശ്രീ. നാദിർഷാ. കെ അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കാതെ 23.02.2012 മുതൽ ജോലിയ്ക്ക് ഹാജരായിട്ടില്ല.

3) ജനറൽ സെക്ഷനിലെ ഡെഫേദാർ ശ്രീ. സെയിദലവി 27.02.2012 തീയതിയിൽ ഓഫീസിൽ ഹാജരാവുകയോ അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല.

4) എഞ്ചിനീയറിംഗ് സെക്ഷനിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) കേരള മുനിസിപ്പൽ ബിൽഡിംഗ് രജിസ്ട്രേഷനായി നൽകിയ 75 അപേക്ഷകൾ അകാരണമായി തീർപ്പാക്കാതെയും ആയതിൽ 69 എണ്ണം ഫീൽഡ് ഇൻസ്പെക്ഷനായി ഫീൽഡ് സ്റ്റാഫിന് നൽകിയിട്ടില്ല.

6) കേരള മുനിസിപ്പൽ ബിൽഡിംഗ് രജിസ്ട്രേഷൻ സംബന്ധമായ ഫയലുകൾ തീർപ്പാക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറുടെ ഭാഗത്ത് നിഷേധ സമീപനം ഉണ്ടായിട്ടുണ്ട്..

7) മുനിസിപ്പൽ പരിധിയിൽ ലൈസൻസുള്ള 3507 ഷോപ്പുകൾ നിലവിലിരിക്കെ നഗരസഭയിൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആയതിൽ 29 ഷോപ്പുകളുടെ ലൈസൻസുകൾ പുതുക്കി നൽകുകയോ ആയതിൽ തുടർ നടപടി കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. ട്രേഡ് ലൈസൻസ് അപേക്ഷകൾ ഫീൽഡ് സ്റ്റാഫ് പരിശോധിച്ച് സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ല.

2. പ്രസ്തുത ക്രമക്കേടുകൾ നഗരസഭയിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ മേൽനോട്ടക്കുറവും വീഴ്ചയുമായി കണക്കാക്കി മഞ്ചേരി നഗരസഭാ സെക്രട്ടറിയായ ശ്രീ. കെ.എസ്.മുരളീധരൻ നായർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ.എസ്. മുരളീധരൻ നായർ സമർപ്പിച്ച പരാമർശം മൂന്നിലെ മറുപടിയിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

a) സൂപ്രണ്ട് ശ്രീമതി. സുശീല 23 വർഷത്തിലധികം സേവന കാലയളവ് ഉള്ള സൂപ്പർവൈസറി തസ്തികയിലുള്ളയാളാണ്. കോട്ടയം സ്വദേശിയായ ടിയാരി അസുഖം മൂലം ആണ് ഹാജരാകാതിരിക്കുന്നത് എന്ന് പിന്നീട് അറിയിക്കുകയുണ്ടായി.

b) യു.ഡി.ക്ലാർക്കും, ഡഫേദാരും ജോലി ചെയ്യുന്ന വകുപ്പുകളിലെ സൂപ്രണ്ടുമാർ ആണ് ഹാജർ ബുക്കുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടത്. മുനിസിപ്പൽ നിയമപ്രകാരം സെക്രട്ടറിയുടെ അധികാരങ്ങൾ വകുപ്പ് തലവന്മാർക്കും, സൂപ്രണ്ടുമാർക്കും, മറ്റ് പ്രധാന ഉദ്യോഗസ്ഥന്മാർക്കും ഡെലിഗേറ്റ് ചെയ്തു നൽകിയിട്ടുള്ളതാണ്.

c) തദ്ദേശ സ്വയംഭരണ മേഖലയിൽ എൻജിനീയറിംഗ് വകുപ്പ് രൂപീകരിച്ചതിന് ശേഷം എൻജിനീയറിംഗ് വിഭാഗത്തിലെ എല്ലാ കാര്യങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്വവും, ചുമതലയും മുനിസിപ്പൽ എൻജിനീയർക്കാണ്. നഗരസഭാ സെക്രട്ടറിക്ക് എൻജിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണാധികാരങ്ങൾ ഇല്ല. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും, മുനിസിപ്പൽ നിയമപ്രകാരവും കാലാകാലങ്ങളിൽ ബഹു. സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മറ്റും അനുസരിച്ച് പ്രവർത്തിക്കുന്നതിന് മുനിസിപ്പൽ എൻജിനീയർക്കും മറ്റും നേരിലും രേഖാമൂലവും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

d) നഗരസഭയിലെ ട്രേഡേഴ്സ് ലിസ്റ്റ് അപ്പ് റ്റു ഡേറ്റ് ചെയ്ത് സൂക്ഷിക്കുന്നതിനും, ഷോപ്പ് ലൈസൻസുകൾ സ്വീകരിക്കുന്നതിനും, ലൈസൻസ് നൽകുന്നതിനും ഹെൽത്ത് സൂപ്പർവൈസർക്ക് നിയമപ്രകാരം ഡെലിഗേഷൻ നൽകിയിട്ടുള്ളതാണ്. ഹെൽത്ത് സൂപ്പർവൈസറും, ഹെൽത്ത് ഇൻസ്പെക്ടർമാരും ജോലികൾ നിയമപ്രകാരം നിർവ്വഹിക്കുന്നതിന് ഉത്തരവുകളും, നിർദ്ദേശങ്ങളും യഥാസമയങ്ങളിൽ നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും കുറ്റാരോപണ മെമ്മോയിലും, ആരോപണ പത്രികയിലും പറയുന്ന കാര്യങ്ങളിൽ തന്റെ ഭാഗത്തു

നിന്നും ബോധപൂർവ്വമായ വീഴ്ചയായി കണക്കാക്കരുതെന്നും, ഉണ്ടായിട്ടുള്ള വീഴ്ചകൾ മനഃപൂർവ്വമല്ലാത്തതിനാൽ ആയത് മാപ്പാക്കി തന്റെ പേരിൽ മേൽ നടപടികളോ, ശിക്ഷണ നടപടികളോ സ്വീകരിക്കരുതെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

4. എൻജിനീയറിംഗ് വിഭാഗത്തിന്റെ എല്ലാ കാര്യങ്ങളുടെയും ഉത്തരവാദിത്വവും ചുമതലയും മുനിസിപ്പൽ എൻജിനീയർക്കാണ് എന്ന ശ്രീ. കെ.എസ്. മുരളീധരൻ നായരുടെ വാദം ഏറെക്കുറെ അംഗീകരിക്കാവുന്നതാണെന്നും ഹാജർ പുസ്തകം കൈകാര്യം ചെയ്യുന്ന കാര്യത്തിലും സെക്രട്ടറിയുടെ ചുമതല ഡെലിഗേറ്റ് ചെയ്ത് കൊടുത്തിട്ടുള്ള കാര്യത്തിലും നിർദ്ദേശിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ യഥാസമയം അവരവർ നടപ്പിലാക്കുന്നുണ്ടെന്നുറപ്പിക്കേണ്ട ചുമതല നഗരസഭയുടെ ഔദ്യോഗിക കാര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് നിയുക്തനായ നഗരസഭാ സെക്രട്ടറിക്കുണ്ട്. ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടെങ്കിലും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ താക്കീത് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം അറിയിക്കുകയുണ്ടായി.

5. ശ്രീ. കെ.എസ്. മുരളീധരൻ നായർ 29.02.2016 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ മഞ്ചേരി നഗരസഭയിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റ് മഞ്ചേരി നഗരസഭയിൽ 27.02.2012 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എസ്. മുരളീധരൻ നായർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായിക്കണ്ട് മാപ്പാക്കി ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷിബു. എ.റ്റി.,**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. കെ.എസ്. മുരളീധരൻ നായർ, സെക്രട്ടറി, മഞ്ചേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിജിലൻസ് വകുപ്പ് (vide U.O. No. 23.04.2016 തീയതിയിലെ
3845/ഡി1/16/വിജി. നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**